കേരള സർക്കാർ
വനം, വന്യജീവി (പാർലമെന്റ്) വകുപ്പ്

നം. 15326/പാർല/93/വനം
തിരുവനന്തപുരം, തീയതി 10.2.1994

## സർക്കുലർ

വിഷയം : ഔദ്യോഗിക ഭാഷാ - ഉന്നതതല സമിതി 7.1.93 ൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്

ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി 7.1.93 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് കേരളത്തിലെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഉദ്ദിഷ്ടഫലം എത്രയും വേഗം കൈവരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. അതിന്റെ ഭാഗമായി മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചിട്ടുള്ള വനം, വന്യജീവി വകുപ്പ് ഉൾപ്പെടെയുള്ള 43 വകുപ്പുകളിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നു തീരുമാനിച്ചു

1. സ. ഉ. (കൈയെഴുത്ത്) 45/85/ജിഎഡി. തീയതി 25.1.85 ഉത്തരവ് പ്രകാരം ഇംഗ്ലീഷ്, മലയാളം ടൈപ്പിസ്റ്റ് എന്നുള്ള വ്യത്യാസം ഇപ്പോൾ നിലവിലില്ല

2. കേന്ദ്ര ഗവൺമെന്റ്, അക്കൗണ്ടന്റ് ജനറൽ .കോടതികൾ , മറ്റ് സംസ്ഥാന ഗവൺമെന്റുകൾ എന്നിവ ഒഴിച്ച് എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നു മലയാളം ഭരണഭാഷയായ വകുപ്പിന്റെ ഓരോ ഓഫീസ് തലവനും ഉറപ് ുവരുതേണ്ടതാണ്

3. കത്ത് ുകളും മറ്റു ഇംഗ്ലീഷിൽ ലഭിച്ചാലും അവയ്ക്കുള്ള മറു ടി മലയാളത്തിൽ തന്നെ നല്കേണ്ടതാണു

4. മലയാളം ഭരണഭാഷയായ എല്ലാ വകുപ്പ് തലവന്റെ ഓഫീസുകളിലും ജില്ല് ാ തലം മുതൽ പഞ്ചായത്തുതലം വരെയുള്ള അനുബന്ധ ഓഫീസുകളിലും ഹർജികളും പരാതികളും മലയാളത്തിൽ സ്വീകരിക്കുന്നതാണെന്നുള്ള ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്

5. ഓഫീസിനകത്ത് നല്കേണ്ട ഉത്തരവുകൾ , സർക്കുലറുകൾ , ജീവനക്കാർക്ക് നല്കുന്ന മെമ്മോകൾ എന്നിവ മലയാളത്തിലായിരിക്കണം

6. അവധി അപേക്ഷകൾ, നേരത്തെ പോകുന്നതിനും താമസിച്ചു ഹാജരാകുന്നതിനുംമുള്ള അപേക്ഷകൾ ഇവ മലയാളത്തിലായിരിക്കണം

7. പേഴ്സണൽ രജിസ്റ്ററുകൾ , അവയുടെ പരിശോധനാ പുസ്തകം എന്നിവ മലയാളത്തിലായിരിക്കണം

8. ഓഫീസ് തലവന്റെ യാത്രാപരിപാടി , റ്റൂർ ഡയറി എന്നി മലയാളത്തിലാത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ വനം, വന്യജീനി വകുപ്പിലെ സബ് ഓഫീസുകൾ ഉൾപ്പെടെയുളള എല്ലാ തലങ്ങളിലും കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്

സി. പി. ശ്രീലത
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)

ഉത്തരവിൻ പ്രകാരം

ഒപ്പ്
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. സി6-42773/93 തീയതി 19.2.1994

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്

പകർപ്പ്: എല്ലാ സബ് ഓഫീസുക ൾ ക്കും അറിവിലേക്കായി അയക്കുന്നു

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി

പി . കെ. 4.3.